മുളയിലെ ഇത് നുള്ളിക്കളയുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതിനെ ഉന്മൂലനാശം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പേരകം സെന്റ് മേരീസ് ചർച്ചിലും കാവീട് സെന്റ് ജോസഫ് ചർച്ചിലും ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു കേസിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. എത്രയും പെട്ടെന്ന് മറ്റ് പ്രതികളെകൂടി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) കോഴിച്ചെനയിൽ ഫയർ സ്റ്റേഷൻ

ശ്രീ. പി. കെ. അബ്ദുറബ്ബ്: മലപ്പുറം ജില്ലയിലെ കോഴിച്ചെന നാഷണൽ ഹൈവേയിൽ ഒരു പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ 76 ഫയർ സ്റ്റേഷനുകളുണ്ട്. നാലെണ്ണം ഇനി തുടങ്ങാൻ ഇരിക്കുകയാണ്. അൻപതിനായിരം ജനസംഖ്യയ്ക്ക് ഒരു ഫയർ സ്റ്റേഷൻ എന്നാണ് കണക്ക്. അതുപോലെതന്നെ പന്ത്രണ്ട് കിലോമീറ്റർ ഡിസ്റ്റൻസ് വേണമെന്നുമുണ്ട്. ഏറ്റവും കൂടുതൽ ജനസംഖ്യയും വിസ്തീർണ്ണവുമുള്ള മലപ്പുറം ജില്ലയിൽ ഇപ്പോൾ ആകെ നാല് ഫയർ സ്റ്റേഷൻ മാത്രമാണുള്ളത്. 2001 മാർച്ചിൽ കോഴിച്ചെനയ്ക്കടുത്തുള്ള പൂക്കിപ്പറമ്പ് എന്നസ്ഥലത്ത് പ്രണവം എന്ന ബസ്സ് ഓട്ടത്തിനിടയിൽ കത്തി 46 പേരാണ് മരിച്ചത്. അതിനുശേഷവും അവിടെ രണ്ട് മൂന്ന് ബസ് കത്തുന്ന സംഭവങ്ങൾ ഉണ്ടായി. വട്ടപ്പാറ, പാണമ്പ്ര എന്നസ്ഥലത്തിനടുത്തുള്ള സ്ഥലങ്ങളിലും ബസ് അപകടങ്ങൾ ഉണ്ടായി. കോഴിച്ചെന എന്ന സ്ഥലം പ്രത്യേകിച്ച് പറയാൻ കാരണം അവിടെ നാഷണൽ ഹൈവെയ്ക്കു സമീപം എം.എസ്.പി. ക്യാമ്പുണ്ടായിരുന്നു. ആർ.എ.എഫ്.-ന്റെ ക്യാമ്പായിട്ടുള്ള സ്ഥലവും അവിടെ ഉണ്ട്. അതോടൊപ്പം പി.ഡബ്ല്യു.ഡി.യുടെ സ്ഥലവും ഉണ്ട്. ഇവയിലേതെങ്കിലും വളരെ വേഗത്തിൽ ലഭ്യമാക്കാൻ സാധിക്കും. അതുകൊണ്ട് നിർബന്ധമായിട്ടും ഫയർസ്റ്റേഷൻ കോഴിച്ചെനയിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* ഇപ്പോൾ ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കോഴിച്ചെന ഉൾപ്പെടുന്നില്ല. സാധാരണ ചെയ്യുന്നത് ഫയർസ്റ്റേഷന് വേണ്ട കെട്ടിടവും, ഗ്യാരേജ്

LIBRARY ARCHIVES Kerala Legislative Assembly

കെട്ടുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാക്കി മുൻഗണനാ ലിസ്റ്റ് വന്നതിനുശേഷമാണ് തുടങ്ങുന്നത്. ഇപ്പോഴത്തെ മുൻഗണനാ ലിസ്റ്റിൽ കോഴിച്ചെന ഇല്ല. സൗകര്യങ്ങൾ ലഭ്യമാക്കിത്തന്നാൽ, ലഭ്യമാക്കിയതിനുശേഷം മുൻഗണനാ ലിസ്റ്റിൽപ്പെടുത്തി അത് പരിഗണിക്കുന്നതാണ്.

(11) മുംബൈയിലെ വെള്ളപ്പൊക്കത്തിൽ മരണപ്പെട്ട കണ്ണൂർ സ്വദേശി ചന്ദ്രന്റെ കുടുംബത്തിന് സഹായം

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുപുഴ നെടുഞ്ചാൽ സ്വദേശിയായ കഴിഞ്ഞ പത്തുവർഷത്തോളമായി ബോംബെയിൽ ജോലി ചെയ്തുവരികയുമായിരുന്ന എ. വി. ചന്ദ്രൻ ഈയിടെ ബോംബെയിലുണ്ടായ പ്രളയത്തെതുടർന്ന് മരണപ്പെട്ടു. അസുഖത്തെതുടർന്ന് നാനാവതി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്ന ചന്ദ്രൻ വെള്ളപ്പൊക്കത്തെത്തുടർന്ന് ചികിൽസ ലഭിക്കാതെ മരണപ്പെടുകയാണുണ്ടായത്. ചന്ദ്രന്റെ വരുമാനംകൊണ്ടുമാത്രം ജീവിക്കുന്ന കുടുംബമാണ് അയാളുടേത്. അമ്മയും അവിവാഹിതയായ പെങ്ങളും മാത്രമാണ് കുടുംബത്തിലുള്ളത്. ചന്ദ്രന്റെ നിരാലംബമായ കുടുംബത്തെ സഹായിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* കേരളത്തിന് പുറത്ത് ജോലി ചെയ്തുവരികയായിരുന്ന ആളാണ് മരണപ്പെട്ട ചന്ദ്രൻ. ഇത് മുംബൈയിൽ വച്ചുണ്ടായ സംഭവമാണ്. "നോർക്ക" ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കേരളത്തിന് പുറത്തുള്ളവർക്ക് ആശ്വാസം നൽകുന്നതിന് വേണ്ടിയിട്ടുള്ള ഒരു ഫണ്ട് ഉണ്ട്. ആ ഫണ്ടിൽനിന്നും ഈ കുടുംബത്തിന് സഹായം നല്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(12) എം. ജി. യൂണിവേഴ്സിറ്റി കാമ്പസിൽ നടന്ന അക്രമം

ശ്രീ. തോമസ് ചാഴികാടൻ: മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കാമ്പസിൽ എസ്.എഫ്.ഐ. വിദ്യാർത്ഥിസമരത്തിന്റെ പേരിൽ അക്രമവും ഭീകരാന്തരീക്ഷവും സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 29-ാം തീയതി സിൻഡിക്കേറ്റ്

LIBRARY ARCHIVES Kerala Legislative Assembly